**കേരള സർക്കാർ**

<u>സംഗ്രഹം</u>

ധനകാര്യ വകുപ്പ്- കേരള നിയമസഭാ സെക്രട്ടേറിയറ്റിലെ ഫിനാൻസ് ഓഫീസറുടെ പേരിൽ നിയമസഭാ സബ് ട്രഷറിയിൽ ഒരു പലിശ രഹിത സ്പെഷ്യൽ ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ട് ആരംഭിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ധനകാര്യ (സ്ട്രീംലൈനിംഗ്) വകുപ്പ്**

**സ.ഉ. (സാധാ) നം.5720/2018/ധന.** തിരുവനന്തപുരം, തീയതി **05/07/2018**

---

പരാമർശം - 1. കേരള നിയമസഭ സെക്രട്ടറിയുടെ 11/04/2018 തീയതിയിലെ 21955/എസി.എഫ് 1/2017/നി.സെ. നം. കത്ത്.

2. 14.09.2017 ലെ സ.ഉ.(സാധാ) നം.7010/2017/ധന

**<u>ഉത്തരവ്</u>**

സംസ്ഥാന കൃഷി വകുപ്പിന്റെ വെജിറ്റബിൾ ഡെവലപ്മെന്റ് പ്രോഗ്രാം 2016-17 ന്റെ ഭാഗമായ "Project based institutional cultivation" എന്ന പദ്ധതി പ്രകാരം നിയമസഭാ സെക്രട്ടേറിയറ്റിന് അനുവദിച്ചിരുന്ന തുകയുടെയും സമാന പദ്ധികൾ പ്രകാരം ലഭ്യമാകാവുന്ന ഫണ്ടുകളുടെയും ചട്ടപ്രകാരമുള്ള നിക്ഷേപത്തിനും വിനിയോഗത്തിനുമായി ഫിനാൻസ് ഓഫീസറുടെ പേരിൽ നിയമസഭ സബ് ട്രഷറിയിൽ സ്പെഷ്യൽ റ്റി.എസ്.ബി. അക്കൗണ്ട് തുടങ്ങുന്നതിന് അനുമതി നൽകികൊണ്ട് പരാമർശം 2 ലെ ഉത്തരവ് പ്രകാരം ഉത്തരവായിരുന്നുവെന്നും, അതിൻപ്രകാരം അക്കൗണ്ട് തുടങ്ങുന്നതിനുള്ള അപേക്ഷ നിയമസഭ സബ് ട്രഷറിയിൽ സമർപ്പിച്ചിരുന്നുവെങ്കിലും ചില സാങ്കേതിക കാരണങ്ങളാൽ ആയത് ഓപ്പൺ ചെയ്യുവാൻ കഴിഞ്ഞിരുന്നില്ലായെന്നും, മേൽ ഉത്തരവ് പ്രകാരം ലഭ്യമായ അനുമതിയുടെ കാലാവധി 31.03.2018 ന് അവസാനിച്ചിട്ടുള്ളതിനാലും പ്രസ്തുത സ്പെഷ്യൽ റ്റി.എസ്.ബി. അക്കൗണ്ട് ആരംഭിക്കുന്നതിന് പുതുക്കിയ അനുമതി നൽകണമെന്ന് പരാമർശ കത്ത് പ്രകാരം കേരള നിയമസഭ സെക്രട്ടറി അപേക്ഷിച്ചിരിക്കുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, മേൽ ആവശ്യത്തിലേയ്ക്കായി കേരള നിയമസഭാ സെക്രട്ടേറിയറ്റിലെ ഫിനാൻസ് ഓഫീസറുടെ പേരിൽ നിയമസഭാ സബ് ട്രഷറിയിൽ ഒരു പലിശ രഹിത സ്പെഷ്യൽ ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ട് ആരംഭിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം

**സുരേഷ് കുമാർ ഒ.ബി.**

**അണ്ടർ സെക്രട്ടറി (ധനകാര്യം)**

പകർപ്പ്

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ.&ഇ/ജി.&എസ്.എസ്.എ) കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (ഇ.&ആർ.എസ്.എ) കേരള, തിരുവനന്തപുരം.

ട്രഷറി ഡയറക്ടർ, തിരുവനന്തപുരം.

സെക്രട്ടറി, കേരള നിയമസഭ സെക്രട്ടേറിയറ്റ്, തിരുവനന്തപുരം.

നോഡൽ ഓഫീസർ, <u>www.finance.kerala.gov.in</u>

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ